**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 419** **20-03-2025 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിൽ ആധുനിക സാങ്കേതിക സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിലൂടെ സേവനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ആധാരം രജിസ്ട്രേഷൻ പൂർണ്ണമായും PEARL സോഫ്റ്റ് വെയർ സംവിധാനത്തിൽ ആക്കിയതിലൂടെ ഭൂമി രജിസ്ട്രേഷൻ നടപടികൾ സുതാര്യവും വേഗത്തിലാക്കാനും സാധിച്ചിട്ടുണ്ട്.<br><br>ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.<br><br>എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപത്രങ്ങൾക്ക് ഇ-സ്റ്റാമ്പിങ്ങ് സംവിധാനം.<br><br>ഭൂമി രജിസ്റ്റർ ചെയ്യേണ്ട തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് കൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം.<br><br>വിൽക്കുന്ന ആളിനോ വാങ്ങുന്ന ആളിനോ ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള സംവിധാനം.<br><br>ഒരു ജില്ലയിലെ ആധാരം ആ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുവാൻ കഴിയുന്ന Anywhere registration സൗകര്യം.<br><br>ആധാരം രജിസ്റ്റർ ചെയ്യുന്നതിനോടൊപ്പം ആധാരത്തിന്റെ ഡിജിറ്റൽ പകർപ്പ് ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ ലഭിക്കുകയും, പോക്കുവരവ് തൽസമയം നടത്തുന്നതിനും ഉള്ള സംവിധാനം.<br><br>വസ്തുക്കളുടെ ബാദ്ധ്യതാ സർട്ടിഫിക്കറ്റിനും, ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പിനും മറ്റ് ആവശ്യങ്ങൾക്കും ഓഫീസ് സന്ദർശിക്കാതെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം. |

| | | | |
|---|---|---|---|
| | | | സഹകരണ ബാങ്കുകളിൽ നിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം. |
| (ബി) | ഇ-രജിസ്ട്രേഷൻ സംവിധാനം ഉപയോഗിച്ച് പൊതുജനങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും നേരത്തെ ലഭിച്ച സേവനങ്ങൾ എങ്ങനെയൊക്കെ ലളിതവൽക്കരിക്കപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | ഇ-രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കിയതിലൂടെ ഭൂമി രജിസ്റ്റർ ചെയ്യേണ്ട തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് കൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കാനും, മുദ്രവില ഇ-സ്റ്റാമ്പിങ്ങ് മുഖേന ഒടുക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. അതുവഴി ഭൂമി രജിസ്ട്രേഷൻ നടപടികൾ ലളിതവൽക്കരിക്കാൻ സാധിച്ചിട്ടുണ്ട്. |
| (സി) | സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം നിലവിൽ വന്നതിന് ശേഷമുള്ള മാറ്റം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സ്റ്റാമ്പ് ഡ്യൂട്ടിക്കും രജിസ്ട്രേഷൻ ഫീസിനും ഓൺ ലൈൻ സംവിധാനം നിലവിൽ വന്നതിലൂടെ സബ് രജിസ്ട്രാർ ഓഫീസുകളിൽ വച്ചുള്ള പണമിടപാട് പൂർണ്ണമായും ഒഴിവാക്കാനും, ഭൂമി രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കാനും സാധിച്ചിട്ടുണ്ട്. |
| (ഡി) | രജിസ്ട്രേഷൻ രേഖകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വകുപ്പിൽ നടപ്പാക്കിയ ആധുനിക സാങ്കേതിക സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | രജിസ്ട്രേഷൻ രേഖകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി അവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള പദ്ധതി 2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുകയും, പ്രസ്തുത പദ്ധതിക്കായി സിഡിറ്റിന് വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. നിലവിൽ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 1968 മുതലുള്ള ആധാരങ്ങളുടെയും കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിൽ 1988 മുതലുള്ള ആധാരങ്ങളുടെയും തൃശ്ശൂർ, പാലക്കാട്, മലപ്പുറം. കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ 1998 മുതലുള്ള ആധാരങ്ങളുടെയും ഡിജിറ്റൈസേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ സബ് രജിസ്ട്രാർ ഓഫീസുകളിലെ പഴയതും പൊടിഞ്ഞു പോയതുമായ ആധാര വാല്യങ്ങൾ ശാസ്ത്രീയമായി സംരക്ഷിച്ച് പൂർവ്വ സ്ഥിതിയിലാക്കുന്ന Conservation പദ്ധതി 2023-24 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 23.08.2023 തീയതിയിൽ സി-ഡിറ്റിന് വർക്ക് ഓർഡർ നൽകുകയും, പദ്ധതി പുരോഗമിച്ചു വരികയും ചെയ്യുന്നു. |
| (ഇ) | പഴയ രജിസ്ട്രേഷൻ രീതികളുമായി താരതമ്യം ചെയ്യുമ്പോൾ ആധുനികവൽക്കരണത്തിന് ശേഷം രേഖാപരമായ നടപടിക്രമങ്ങളിൽ വന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഇ) | ആധാരം രജിസ്ട്രേഷൻ പൂർണ്ണമായും PEARL സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ ആക്കുകയും, പൊതുജനങ്ങൾക്ക് ഭൂമി രജിസ്റ്റർ ചെയ്യേണ്ട തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് കൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കാനും, ഇ-സ്റ്റാമ്പിങ്ങ് മുഖേന ഓൺലൈനായി തന്നെ മുദ്രവില ഒടുക്കുന്നതിനും സാധിക്കുന്നു. ആധാരം രജിസ്റ്റർ ചെയ്യുന്നതിനോടൊപ്പം ആധാരത്തിന്റെ ഡിജിറ്റൽ |

| | | | |
|---|---|---|---|
| | | | പകർപ്പ് ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ ലഭിക്കുകയും, ഓൺലൈൻ പോക്കുവരവ് തൽസമയം തന്നെ നടത്തുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ